LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പൊതുവിപണിയിൽ വിലക്കയറ്റത്തിന് ഏറെ സാദ്ധ്യതയുള്ള ഉത്സവകാലങ്ങളിൽ പൊതുവിപണിയിൽനിന്നും 20 ശതമാനം വരെ വിലകുറച്ച് സാധനങ്ങൾ വിപണനം ചെയ്യുന്നതിന് സഹകരണ വകുപ്പിനുകീഴിൽ കൺസ്യൂമർഫെഡ് വിപണികൾ സംഘടിപ്പിച്ചുവരുന്നു. 2015-ലെ ഓണക്കാലത്തോടനുബന്ധിച്ചും പൊതുവിപണിയിൽനിന്നും 20 ശതമാനം വിലകുറച്ച് സാധനങ്ങൾ ഓണ വിപണിയിലൂടെ വിതരണം ചെയ്തിരുന്നു. ഈ നടപടികളിലൂടെ പൊതു വിപണിയിലെ വിലക്കയറ്റം പിടിച്ചുനിർത്താൻ സാധിച്ചിട്ടുണ്ട്.

(ബി) വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കൺസ്യൂമർഫെഡിന് കഴിയുന്നുണ്ട്.

കാർഷിക വായ്പാവിതരണം

182 (549) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ ; പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവ വഴി വിതരണം ചെയ്ത കാർഷിക വായ്പകളുടെ 2010-11 മുതൽ 2014-15 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ കണക്ക് വ്യക്തമാക്കുമോ ; ഇത് മേൽ വിഭാഗം സഹകരണ സംഘങ്ങൾ ഓരോ വർഷത്തിലും വിതരണം ചെയ്ത ആകെ വായ്പകളുടെ എത്ര ശതമാനമാണ് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാർഷിക വായ്പാ വിതരണം മെച്ചപ്പെടുത്താൻ എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സഹകരണ മേഖലയിൽനിന്നും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവ വഴി വിതരണം ചെയ്ത കാർഷിക വായ്പയുടെ കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രാഥമിക കാർഷിക വായ്പാസഹകരണ സംഘങ്ങൾ/ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ മുഖേന 7 ശതമാനം പലിശ നിരക്കിൽ ഹ്രസ്വകാല കാർഷിക വായ്പകൾ വിതരണം നടത്തിവരുന്നു. കൃത്യമായി തിരിച്ചടവ് നടത്തുന്നവർക്ക് പരമാവധി 5 ശതമാനം പലിശയിളവ് നൽകുകയും ടി തുക സംഘങ്ങൾക്ക് സർക്കാർ അനുവദിച്ച് നൽകുകയും ചെയ്യുന്നു. അതോടൊപ്പം കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്നവർക്ക് നബാർഡ് മുഖേന നൽകുന്ന പരമാവധി 3 ശതമാനം പലിശയിളവ് കൂടി ഉൾപ്പെടുത്തി ഹ്രസ്വകാല കാർഷിക വായ്പകൾ പലിശരഹിത വായ്പയായി നൽകിവരുന്നു.

കൂടാതെ, നെൽകൃഷിക്ക് മുഴുവൻ പലിശയും സർക്കാർ റീ-ഇംപേഴ്സ് ചെയ്ത് സംഘത്തിന് നൽകുന്നതിനാൽ നെൽകൃഷിക്കുള്ള വായ്പകളും പൂർണ്ണമായും പലിശരഹിതമായിട്ടാണ് നൽകുന്നത്. കാർഷിക വായ്പാ സഹകരണ സംഘങ്ങൾ പരമാവധി കാർഷിക വായ്പകൾ നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സ്വന്തം ജാമ്യത്തിലും വസ്തുക്കളുടെ ജാമ്യത്തിലും സ്വർണ്ണ ഉരുപ്പടികളുടെ ഈടിന്മേലും ഹ്രസ്വകാല കാർഷിക വായ്പകൾ നൽകി വരുന്നുണ്ട്. പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ വഴി ദീർഘകാല കാർഷിക വായ്പകളും കർഷകർക്ക് അനുവദിച്ചുവരുന്നുണ്ട്.

നബാർഡിന്റെ ഹ്രസ്വകാല കാർഷിക വായ്പകൾ

183 (550) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാലുവർഷക്കാലം നബാർഡിൽ നിന്നും കർഷകർക്ക് ഹ്രസ്വകാല കാർഷിക വായ്പകൾ നൽകുന്നതിന് സംസ്ഥാന സഹകരണ ബാങ്കിന് ലഭിച്ച വായ്പ തുക വർഷം തിരിച്ച് ലഭ്യമാക്കുമോ ;

(ബി) നബാർഡിന്റെ സഹായത്തോടെ ഡയറി ഡെവലപ്മെന്റ് ഹോർട്ടികൾച്ചർ മേഖലയിൽ കാർഷികേതര വായ്പ എന്ന നിലയിൽ സംസ്ഥാന സഹകരണ ബാങ്കിന് ലഭിച്ച വായ്പ തുകയും ജില്ലാ സഹകരണ ബാങ്കുകൾക്ക് ലഭിച്ച വായ്പാതുകയും എത്രയെന്ന് വർഷം തിരിച്ച് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത രംഗത്ത് റീ-ഫിനാൻസിലൂടെ എത്ര പദ്ധതികൾ സംസ്ഥാനത്താകെ നടപ്പാക്കിയെന്നും തിരുവനന്തപുരം ജില്ലയിൽ ആരംഭിച്ച പദ്ധതികളുടെ വിശദവിവരവും ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly